**ക്രമപ്രശ്നം**

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ 13-03-2020, 24-08-2020, 13-01-2021, 22-01-2021 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്ത് വച്ചതും എന്നാൽ 14 ദിവസം സഭ മുൻപാകെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വിജ്ഞാപനങ്ങൾ മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരും ഇന്ന് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്ന് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ കാണിച്ചിട്ടുണ്ട്. 03-05-2021-ൽ 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത നിയമസഭയിൽ മേശപ്പുറത്ത് വച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന്, അതായത് റീ-ലേ ചെയ്യുന്നതിന് പാടില്ല, പകരം മേശപ്പുറത്ത് ഫ്രഷ് ആയി ലേ ചെയ്യുകയാണ് വേണ്ടത്. I invite the attention of this august house to S. L. Shakdher and M. N. Kaul. S. L. Shakdher and M. N. Kaul പറയുന്നത്, '..dissolution “ passes a sponge over the parliamentary slate” . No part of the records of the dissolved House can be carried over and transcribed into the records or registers of the new House. In short,

dissolution draws the final curtain upon the existing House'. എന്നിട്ട് വളരെ വ്യക്തമായി മറ്റൊരു ഭാഗത്ത് പറയുന്നുണ്ട്, ' Where the 'orders' are laid on the Table for an incomplete period during a session of the Lok Sabha and thereafter the House is dissolved, they are required to be laid afresh (not re-laid) for the complete period during the first session of the new Lok Sabha'. കേരള നിയമസഭയിലും മുൻകാലങ്ങളിൽ ഈ നടപടിക്രമങ്ങൾ തന്നെയാണ് പാലിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ വന്നിട്ടുള്ള പിശക് തിരുത്തണമെന്നും വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പേപ്പറുകളുടെ കൂടെ ഉൾപ്പെടുത്തണമെന്നും സഭയിൽ ഉന്നയിക്കുകയാണ്. ഇല്ലെങ്കിൽ അതിന് വാല്യു ഉണ്ടാകുകയില്ല. കാരണം dissolution നടത്തിയ സഭയിൽ വച്ചിരിക്കുന്നത് റീ-ലേ ചെയ്യാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അത് ഫ്രഷ് ആയി ലേ ചെയ്യണം. പേപ്പർ വയ്ക്കണ്ട എന്നൊന്നും ഞങ്ങൾ പറയില്ല. അത് ലീഗലായിട്ടുള്ള ഒബ്ജക്ഷനാണ്, ഫ്രഷ് ആയി ലേ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.